**തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം**

**(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)**

**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**

(ഹാജർ : ശ്രീ. ജോൺസൺ കെ)

വിഷയം : തസ്വഭവ (LID & EW) - ജീവനക്കാര്യം - രണ്ടാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടിക-പേര് ഉൾപ്പെടുത്തുന്നത് - അപാകതകൾ പരിഹരിച്ച് ഉത്തരവാകുന്നു.

പരാമർശം : 1) ഈ കാര്യാലയത്തിലെ 07.02.2020-ാം തീയതിയിലെ ഇ5-2383/2020/സിഇ/തസ്വഭവ നമ്പർ അനൗദ്യോഗികക്കുറിപ്പ്

2) ഈ കാര്യാലയത്തിലെ 17.03.2011-ാം തീയതിയിലെ ഇ11/4100/09/സിഇ/തസ്വഭവ നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച രണ്ടാംതരം ഓവർസിയർമാരുടെ അന്തിമ മുൻഗണനാപ്പട്ടിക

3) ഈ കാര്യാലയത്തിലെ 17.03.2021-ാം തീയതിയിലെ ഇ11/4100/09/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

4) ഈ കാര്യാലയത്തിലെ 13.05.2019-ാം തീയതിയിലെ ഇ22/12300/2018/സിഇ/തസ്വഭവ നമ്പർ പ്രകാരം പ്രസിദ്ധീകരിച്ച രണ്ടാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടിക

5) രണ്ടാംതരം ഓവർസിയർ ശ്രീമതി. ഷീല കെ എന്നവരുടെ 13.04.2020-ാം തീയതിയിലെ അപേക്ഷ

6) രണ്ടാംതരം ഓവർസിയർ ശ്രീ. ചന്ദ്രൻ ആർ എന്നവരുടെ 05.08.2020-ാം തീയതിയിലെ അപേക്ഷ

7) ഈ കാര്യാലയത്തിലെ 25.08.2021-ാം തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ് നം . ഇ22-2429/2019/സിഇ/തസ്വഭവ തീയതി. 22.10.2021**

ഈ വകുപ്പിലെ രണ്ടാംതരം ഓവർസിയർമാരായ ശ്രീമതി. രാധാമണി സി.എസ്, ശ്രീ. നാരായണൻ ആർ, ശ്രീ. വിജയകുമാർ സി.എസ് എന്നിവരുടെ മുൻഗണനാപ്പട്ടികയിലെ റാങ്ക് പുനർനിർണ്ണയം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം ഈ കാര്യാലയത്തിലെ ഇ5 സെക്ഷൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇതിൽ ശ്രീമതി. രാധാമണി സി.എസ് പരാമർശം (4) രണ്ടാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിൽ റാങ്ക് 1621-ാമതായും, ശ്രീ. നാരായണൻ ആർ ടി പട്ടികയിൽ 1620-ാമതായും ഉൾപ്പെട്ടിട്ടുള്ളവരാണ്. എന്നാൽ ശ്രീ. വിജയകുമാർ സി.എസ് എന്നവർ ടി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. സേവന വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും പരാമർശം (4) മുൻഗണനാപ്പട്ടികയിൽ റാങ്ക് നം. 1472 ശ്രീ. ശ്രീകുമാർ ആർ എന്നവർക്കും, റാങ്ക് നം. 1473 ശ്രീമതി. ഗിരിജ വി.സി എന്നവർക്കും മദ്ധ്യേ

1472(a) എന്ന സ്ഥാനം നൽകാവുന്നതാണെന്ന് ബോധ്യം വന്ന് അപ്രകാരം സ്ഥാനം നൽകി ഇതിനാൽ ഉത്തരവായിരിക്കുന്നു.

പരാമർശം (4) രണ്ടാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിൽ റാങ്ക് 1605 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി. ഷീല കെ എന്നവരുടെ ജനനതീയതി ശരിയായ വിധത്തിലല്ല രേഖപ്പെടുത്തിയിട്ടുള്ളത്. ശരിയായ ജനനതീയതി 04.05.1971 ആണ്. ആയതിനാൽ പരാമർശം (4) മുൻഗണനാപ്പട്ടികയിൽ ഇതിനാൽ ശ്രീമതി. ഷീല കെ എന്നവരുടെ ജനനതീയതി 04.05.1971 എന്ന് ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

പരാമർശം (4) രണ്ടാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിൽ റാങ്ക് 1452 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ. ചന്ദ്രകുമാർ ആർ എന്നവരുടെ ജനനതീയതി ശരിയായ വിധത്തിലല്ല രേഖപ്പെടുത്തിയിട്ടുള്ളത്. ശരിയായ ജനനതീയതി 31.05.1968 ആണ്. ആയതിനാൽ പരാമർശം (4) മുൻഗണനാപ്പട്ടികയിൽ ഇതിനാൽ ശ്രീ. ചന്ദ്രകുമാർ ആർ എന്നവരുടെ ജനനതീയതി 31.05.1968 എന്ന് ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

മേൽ പ്രസ്താവിക്കപ്പെട്ട മാറ്റങ്ങൾ പരാമർശം (4) രണ്ടാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിൽ മാറ്റം വരുത്തിക്കൊണ്ടുള്ള നോട്ടീസ് പരാമർശം (7) പ്രകാരം പുറപ്പെടുവിച്ചിരുന്നു. നിശ്ചിത സമയത്തിനകം ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ ലഭ്യമായിട്ടില്ല. ആയതിനാൽ മേൽ പ്രസ്താവിക്കപ്പെട്ട മാറ്റങ്ങളോടെ പരാമർശം (4) രണ്ടാംതരം ഓവർസിയർമാരുടെ മുൻഗണനാപ്പട്ടികയിൽ മാറ്റം വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

അനുബന്ധം : പട്ടിക

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ് :

1) എല്ലാ നിയന്ത്രണാധികാരികൾക്കും (താങ്കൾ താങ്കളുടെ കീഴിലുള്ള ജീവനക്കാരെ അറിയിക്കേണ്ടതാണ്)
2) ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ്സൈറ്റ്
3) കരുതൽ ഫയൽ

P

## അനുബന്ധം

## പട്ടിക

| Sl. No | Rank No | Name | Date of Birth | Qualification | Order of Appointment / Promotion | Date of assigned | Remarks |
|---|---|---|---|---|---|---|---|
| 1 | 1472 (a) | Vijayakumar C S | 26.05.1967 | NTC Civil | E5/6160/2012/CE/LSGD dtd 18.07.2019 | 26.04.2018 | Inclusion |
| 2 | 1605 | Sheela K | 04.05.1971 | KGCE Civil | E5/6160/2012/CE/LSGD dtd 24.09.2018 | 24.09.2018 | Date of birth correction |
| 3 | 1452 | Chandrakumar R | 31.05.1968 | ITC D'man Civil | E5/6160/2012/CE/LSGD dtd 26.04.2018 | 26.04.2018 | Date of birth correction |

ഒപ്പ്

**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**